ഉത്തരം

(എ) 20000-ത്തിൽ കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വിഭജിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പരിശോധനയിലാണ്.

അരീക്കോട് വൈദ്യുതി സബ് സ്റ്റേഷൻ തുടങ്ങാൻ നടപടി

45 [1133] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് വൈദ്യുതി സബ് സ്റ്റേഷൻ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത് എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് വിദ്യുച്ഛക്തി ബോർഡിന്റെ ഒരു 220 കെ. വി. സബ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (പി.ജി.സി.ഐ.എൽ.) ഒരു 400 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി, സി ആന്റ് ഡി) പ്രസ്തുത 400 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ടി വിദ്യുച്ഛക്തി ബോർഡിന്റെ അധീനതയിലുള്ള 15 ഏക്കർ സ്ഥലം പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യക്ക് വിലയ്ക്ക് നൽകാൻ ധാരണയായിട്ടുണ്ട്. കൂടാതെ അരീക്കോട് 220 കെ.വി. സബ് സ്റ്റേഷന് സമീപമുള്ള സ്ഥലവാസികളിൽ നിന്ന് 15 ഏക്കർ സ്ഥലവും, ഗവൺമെന്റ് ഐ.ടി.ഐ.യുടെ അധീനതയിലുള്ള സ്ഥലവും സബ് സ്റ്റേഷന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടതുണ്ട്. മൈസൂർ-അരീക്കോട് 400 കെ.വി. ലൈൻ വലിക്കുന്നതിനോടനുബന്ധിച്ചുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. സ്ഥലം ലഭ്യമായാലുടൻ പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പി.ജി.സി.ഐ.എൽ. ആരംഭിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി ഓഫീസുകളിലെ ഒഴിവുകൾ

46 [1134] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ഓഫീസുകളിൽ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly